(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുക എന്ത് ആവശ്യത്തിലേക്ക് എത്ര പേർക്ക് വിതരണം ചെയ്തു എന്നതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അപേക്ഷകൾ സഹായധനം ലഭിക്കുന്നതിനായി ലഭിച്ചു എന്നും എത്രയെണ്ണത്തിൽ തീരുമാനമായി എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

അന്തർസംസ്ഥാന നദീജല കരാറുകൾ

101 [5865] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്:
,, ടി. എൻ. പ്രതാപൻ:
,, എം. മുരളി:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുകൂടി ഒഴുകുന്ന ഏതെങ്കിലും അന്തർ സംസ്ഥാന നദിയിലെ വെള്ളത്തിന്റെ ഉപയോഗം സംബന്ധിച്ച് കരാർ ഉണ്ടാക്കാതെയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നദികളിലെ ജലത്തിന്റെ ഉപയോഗം സംബന്ധിച്ച് ഏതെല്ലാം സംസ്ഥാനങ്ങളുമായാണ് കരാറുണ്ടാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നദികളിൽ നിന്ന് സംസ്ഥാനത്തിന് കിട്ടുവാൻ അർഹതയുള്ള വെള്ളത്തിന്റെ അളവ് എത്രയെന്നും പ്രസ്തുത നദികളിൽ നിന്ന് ഇപ്പോൾ ലഭിക്കുന്ന വെള്ളത്തിന്റെ അളവ് എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉപ്പള, ഷിറിയ, ചന്ദ്രഗിരി, കരിയൻതോട്, കുപ്പം, വളപ്പട്ടണം, എന്നീ നദികളെ സംബന്ധിച്ച് കർണ്ണാടകവുമായും ചാലിയാറിനെ സംബന്ധിച്ച് തമിഴ്നാടുമായുമാണ് കരാർ ഉണ്ടാക്കേണ്ടത്. പാമ്പാർ, ഭവാനി എന്നീ നദികളെ സംബന്ധിച്ച തർക്കം കാവേരി നദീജല ട്രിബ്യൂണലിന്റെ മുന്നിലാണ്.

(സി) മേൽ നദികളിൽനിന്ന് ഇപ്പോൾ വെള്ളം കാര്യമായ തടസ്സമില്ലാതെ കേരളത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്. കരാറില്ലാത്തതിനാൽ കേരളത്തിന്റെ അർഹത തിട്ടപ്പെടുത്തിയിട്ടില്ല. 1974-ലെ കണക്കനുസരിച്ച് ഈ നദികളിലെ വാർഷിക ജലലഭ്യത താഴെപ്പറയുംപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉപ്പള	..	10.91	ടി.എം.സി.
ഷിറിയ	..	21.85	,,
ചന്ദ്രഗിരി	..	60.64	,,
കരിയൻ തോട്	..	47.89	,,
കുപ്പം	..	43.65	,,
വളപ്പട്ടണം	..	98.32	,,
കബനി	..	153.00	,,
ഭവാനി	..	36.00	,,
പാമ്പാർ	..	25.00	,,
ചാലിയാർ	..	252.00	,,

അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഉത്ഭവിച്ച് സംസ്ഥാനത്തിനകത്തുകൂടി ഒഴുകുന്ന നദികൾ

102 [5867] ശ്രീ. എം. മുരളി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ടി. തോമസ്:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് ഉത്ഭവിച്ച് സംസ്ഥാനത്തുകൂടി ഒഴുകി കടലിൽ പതിക്കുന്ന നദികളിൽ ഏതിലെങ്കിലും അണകെട്ടി നദിയുടെ സംസ്ഥാനത്തിനകത്തേക്കുള്ള ഗതി തടയുവാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് നദികളെന്നും ഏത് സംസ്ഥാനമാണ് അണകെട്ടുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഇതുമൂലം സംസ്ഥാനത്തിന് എന്തെങ്കിലും നഷ്ടമോ സംസ്ഥാന താല്പര്യങ്ങൾക്ക് എന്തെങ്കിലും വിഘാതമോ ഉണ്ടാകുമോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയെടുത്തു എന്നും ഒരു നടപടിയുമെടുക്കാത്തപക്ഷം അതിനുള്ള കാരണമെന്ത് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly